ZAMORIN RAJA OF CALICUT
ALATHIYOOR PERUMTHRIKKOVIL(HANUMANKAVU)DEVASWOM
P.O.POILISSERY,TIRUR – 676102,Malappuram Dist.
PH:0494 – 2430666, Mob:9497716066
www.alathiyoorhanumankavu.in E-mail : hanumankavu@gmail.com

**APD/H1.88/2023** **27-03-2023**

# ക്വട്ടേഷൻ നോട്ടീസ്

ശ്രീ ആലത്തിയൂർ പെരുംതൃകോവിൽ (ഹനുമാൻകാവ്) ദേവസ്വത്തിലേക്ക് **01-05-2023** മുതൽ **31-10-2023** വരെ **6** മാസ കാലത്തേക്ക് പൊളിച്ച നാളികേരം, ഉണങ്ങല്ലരി വലുത്,ഉണങ്ങല്ലരി ചെറുത്,അവിൽ, ശർക്കര, പഞ്ചസാര,എള്ളെണ്ണ, ശുദ്ധമായ വെളിച്ചെണ്ണ ,കദളിക്കായ,ചുക്ക്, ജീരകം,കൽക്കണ്ടം (ക്രിസ്റ്റൽ),പ്ലാസ്റ്റിക് ഡബ്ബ **(1Liter,500ML,250ML)**മിൽമ നെയ്യ് **(5** ലിറ്റർ) എന്നിവ തരുന്നതിനും ചുക്ക് ജീരകം എന്നിവ പൊടിക്കുന്നതിനും തെയ്യാറുള്ള വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.ക്വട്ടേഷനുകൾ **24-04-2023** ന് രാവിലെ **10** മണി വരെ ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം രാവിലെ **11** മണിക്ക് ദേവസ്വം ഓഫീസിൽ വെച്ച് അപ്പോൾ ഹാജരാകുന്ന ക്വട്ടേഷനിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ സാമൂതിരിരാജ സെൻട്രൽ ദേവസ്വം ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ തുറക്കുന്നതും ആയിരിക്കും.ഇ-മെയിൽ മുഖാന്തിരവും ക്വട്ടേഷനിൽ പങ്കെടുക്കാവുന്നതാണ്.ഇ-മെയിൽ മുഖാന്തിരം ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ **24-04-2023** ന് കാലത്ത് **10** മണിക്കും **11** മണിക്കും ഇടയിൽ ദേവസ്വം മെയിലിൽ കിട്ടാവുന്ന രീതിയിൽ മെയിൽ അയക്കേ ണ്ടതാണ്.

ക്വട്ടേഷൻ ഫോറത്തിനും നിബന്ധനകൾക്കും കൂടുതൽ വിവരങ്ങൾക്കും ദേവസ്വം ഓഫീസുമായി ഓഫീസ് സമയങ്ങളിൽ അന്വേഷിക്കാവുന്നതാണ്.ക്വട്ടേഷൻ ഫോറവും നിബന്ധന കളും ദേവസ്വം വെബ്സൈറ്റിലും ലഭ്യമാണ്.

ഹനുമാൻകാവ് വിശ്വസ്തതയോടെ
**27-03-2023**

## പകർപ്പ്

1. ആലത്തിയൂർ പെരും തൃക്കോവിൽ ദേവസ്വം നോട്ടീസ് ബോർഡ്
2. തൃപ്രങ്ങോട് വില്ലേജ് നോട്ടീസ് ബോർഡ്
3. തൃപ്രങ്ങോട് പഞ്ചായത്ത് നോട്ടീസ് ബോർഡ്
4. തൃപ്രങ്ങോട് ദേവസ്വം നോട്ടീസ് ബോർഡ്
5. തിരുന്നാവായ പഞ്ചായത്ത് നോട്ടീസ് ബോർഡ്
6. തിരുന്നാവായ ദേവസ്വം നോട്ടീസ് ബോർഡ്
7. തൃക്കണ്ടിയൂർ ദേവസ്വം നോട്ടീസ് ബോർഡ്
8. തിരൂർ അസ്സി.കമ്മിഷണർ ഓഫീസ് നോട്ടീസ് ബോർഡ്
9. തിരൂർ മുനിസിപ്പാലിറ്റി നോട്ടീസ് ബോർഡ്
10. വൈരങ്കോട് ദേവസ്വം നോട്ടീസ് ബോർഡ്
11. ഫയൽ
12. അധികം

**ZAMORIN RAJA OF CALICUT**
**ALATHIYOOR PERUMTHRIKKOVIL(HANUMANKAVU)DEVASWOM**
**P.O.POILISSERY,TIRUR – 676102,Malappuram Dist.**
**PH:0494 – 2430666, Mob:9497716066**
**www.alathiyoorhanumankavu.in E-mail : hanumankavu@gmail.com**

## കലവറ സാധനങ്ങളുടെ ക്വട്ടേഷൻ നിബന്ധനകൾ

1. ശ്രീ ആലത്തിയൂർ പെരുംതൃക്കോവിൽ (ഹനുമാൻകാവ്) ദേവസ്വത്തിലേക്ക് **01-05-2023** മുതൽ **31-10-2023** കൂടി **6** മാസ കാലത്തേക്ക് പൊളിച്ച നാളികേരം, ഉണങ്ങല്ലരി വലുത്,ഉണങ്ങല്ലരി ചെറുത്, അവിൽ, ശർക്കര ,പഞ്ചസാര, എള്ളെണ്ണ (അഗീകൃത ബ്രാന്റ് ), ശുദ്ധമായ വെളിച്ചെണ്ണ,കദളിക്കായ, ചുക്ക്, ജീരകം, കൽക്കണ്ടം, പ്ലാസ്റ്റിക് ഡബ്ബ (**1 Liter, 500 ML,250 ML**), മിൽമ നെയ്യ് (**5** ലിറ്റർ ടിൻ) എന്നിവ തരുന്നതിനും ചുക്ക് ജീരകം എന്നിവ പൊടിക്കുന്നതിനും തെയ്യാറുള്ള വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

2. ക്വട്ടേഷനുകൾ **24-04-2023** രാവിലെ **10** മണി വരെ ദേവസ്വം ഓഫിസിൽ ഓഫീസ് സമയങ്ങളിൽ സ്വീകരിക്കുന്നതും അന്നേ ദിവസം രാവിലെ **11** മണിക്ക് ദേവസ്വം ഓഫീസിൽ വെച്ച് അപ്പോൾ ഹാജരാകുന്ന ക്വട്ടേഷനിൽ പങ്കെടുത്തവരുടെ സാനിധ്യത്തിൽ സാമൂതിരി രാജ സെൻട്രൽ ദേവസ്വം ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ തുറക്കുന്നതും ആയിരിക്കും.

3. ക്വട്ടേഷൻ ഇ-മെയിൽ വഴിയും പങ്കെടുക്കാവുന്നതാണ്.മെയിൽ **24-04-2023** ന് കാലത്ത് **10.00** നും **11.00** മണിക്കും ഇടയിൽ ദേവസ്വം മെയിലിൽ ലഭിക്കേണ്ടത് ആണ്. **11** മണിക്ക് ശേഷം ലഭിക്കുന്ന മെയിലുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

4. വില നിലവാരത്തിനും സാധനങ്ങളുടെ ഗുണനിലവാരത്തിനും അനുസരിച്ച് ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ദേവസ്വത്തിന് അധികാരമുള്ളതുമാകുന്നു.

5. പൊളിച്ച നാളികേരം,കദളിക്കായ,ഡബ്ബ **1** ലിറ്റർ,ഡബ്ബ **500 ML,250ML** എന്നിവ ഒന്നിന് ഇത്ര രൂപ എന്നും അവിൽ, ശർക്കര, പഞ്ചസാര, ഉണങ്ങല്ലരി ചെറുത്,ഉണങ്ങല്ലരി വലുത്, ചുക്ക്, ജീരകം, കൽക്കണ്ടം (ക്രിസ്റ്റൽ) എന്നിവക്ക് ഒരു കിലോയ്ക്ക് ഇത്ര രൂപ എന്നും ചുക്ക് ജീരകം എന്നിവ പൊടിക്കുന്നതിന് ഒരു കിലോയ്ക്ക് ഇത്ര രൂപ എന്നും എള്ളെണ്ണ (അഗീകൃത ബ്രാന്റ് ) ശുദ്ധമായ വെളിച്ചെണ്ണ എന്നിവ **15** കിലോ അളവുള്ള ഒരു ടിന്നിന് ഇത്ര രൂപ എന്നും മിൽമ്മ നെയ്യ് (**5** ലിറ്റർ ടിൻ) ഒരു ടിന്നിന് ഇത്ര രൂപ എന്നും ആണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.ചുക്ക് നല്ല നാരുള്ള ഇനം നാടൻ/വയനാടൻ ചുക്കായിരിക്കണം

6. നാളികേരത്തിന് ക്വട്ടേഷൻ ലഭിക്കുന്നവർ മൂത്തതും വലിപ്പമുള്ളതുമായ നാളികേരവും (ഒരു നാളികേരം സുമാർ **400** ഗ്രാം) കദളിക്കായ ക്വട്ടേഷൻ ലഭിക്കുന്നവർ നല്ല മൂപ്പ് ഉള്ളതും വലിപ്പമുള്ളതുമായ കദളിക്കായയും, അവൽ ദേവസ്വം നിർദേശിക്കുന്ന തരത്തിലുള്ള കനമുള്ള ദേവസ്വം ആവശ്യപ്പെടുന്ന പ്രകാരം അളവിലും എണ്ണത്തിലും ക്ഷേത്രത്തിൽ എത്തിക്കേണ്ടതാണ്.

7. പ്ലാസ്റ്റിക് ഡബ്ബയിൽ (**1 Liter, 500 ML,250ML**) ക്ഷേത്രത്തിന്റെ പേരും അഡ്രസ്സും (ദേവസ്വം ആവശ്യപ്പെടുന്ന രീതിയിൽ) ആലേഖനം ചെയ്യേണ്ടതാണ്.

8. അവിൽ, ശർക്കര, പഞ്ചസാര, എള്ളണ്ണ, വെളിച്ചെണ്ണ,ചുക്ക്, ജീരകം, കൽക്കണ്ടം(ക്രിസ്റ്റൽ) ,ഉണങ്ങല്ലരി(വലുതും ചെറുതും), പ്ലാസ്റ്റിക് ഡബ്ബ എന്നിവ, ഏറ്റവും നല്ല ഗുണനിലവാരം ഉള്ളതായിരിക്കണം.

9. നാളികേരം, അവിൽ, ശർക്കര,പഞ്ചസാര,പ്ലാസ്റ്റിക് ഡബ്ബ എന്നിവക്ക് ക്വട്ടേഷൻ ലഭിക്കുന്നവർ **5000/-** രൂപ വീതവും കദളിക്കായ, എള്ളണ്ണ,വെളിച്ചെണ്ണ എന്നിവക്ക് ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി **2500/-**രൂപയും ചുക്ക്, ജീരകം, കൽക്കണ്ടം(ക്രിസ്റ്റൽ), ചുക്ക് പൊടിക്കുക ജീരകം പൊടിക്കുക എന്നിവക്ക് ക്വട്ടേഷൻ ലഭിക്കുന്നവർ **1000/-**രൂപ വീതവും നിരതദ്രവ്യമായി ദേവസ്വത്തിൽ കെട്ടിവെക്കേണ്ടതാണ്.

10. നിരതദ്രവ്യ സംഖ്യ ക്വട്ടേഷൻ കാലാവധിക്ക് ശേഷമേ തിരികെ ലഭിക്കുകയുള്ളൂ.

11. ക്വട്ടേഷൻ കാലാവധിക്ക് മുൻപ് കരാറുകാരൻ കരാർ ഒഴിയുകയോ ക്വട്ടേഷൻ നിബന്ധനകൾ പാലിക്കപ്പെടാതിരിക്കുകയോ ചെയ്യുന്ന പക്ഷം നിരതദ്രവ്യം തിരികെ ലഭിക്കുന്നതല്ല.

(മറുപുറം)

**12.** ക്വട്ടേഷൻ നൽകാൻ ആഗ്രഹിക്കുന്ന വ്യക്തി/സ്ഥാപനം ദേവസ്വത്തിൽ നിന്നും ലഭിക്കുന്ന ക്വട്ടേഷൻ ഫോറം പൂരിപ്പിച്ച് **24-04-2023** ന് കാലത്ത് **10** മണിക്ക് ഉള്ളിൽ ദേവസ്വം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. **10** മണിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കരണവശാലും സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ **01-04-2023** മുതൽ ഓഫീസ് സമയങ്ങളിൽ ദേവസ്വം ഓഫീസിൽ നിന്നുംലഭിക്കുന്നതാണ്.ദേവസ്വം വെബ്സൈറ്റിൽ നിന്നും ക്വട്ടേഷൻ ഫോറം ഡ ൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

**13.** ക്വട്ടേഷൻ ലഭിക്കുന്ന സ്ഥാപനം /വ്യക്തി സാധനങ്ങൾ സ്വന്തം ചെലവിൽ ക്ഷേത്രത്തിൽ ദേവസ്വം പറയുന്ന സ്ഥലത്ത് എത്തിക്കേണ്ടതാണ്.

**14.** ക്വട്ടേഷൻ സംബന്ധിച്ച എല്ലാ തീരുമാനങ്ങൾക്കും ദേവസ്വത്തിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

**15.** നിയമപ്രകാരമുള്ള നികുതി (**GST,CESS**) അടവാക്കേണ്ട സാധനങ്ങൾക്ക് നികുതിയുൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

**16.** ക്വട്ടേഷൻ ലഭിച്ച വ്യക്തി ക്വട്ടേഷൻ ലഭിച്ച സാധനങ്ങൾക്ക് നിയമാനുസൃത നികുതിയുൾപ്പെടെയുള്ള ബില്ലുകൾ ദേവസ്വത്തിൽ നൽകേണ്ടതാണ്

**17.** ഓരോ മാസവും നൽകിയ കലവറ സാധനങ്ങളുടെ ക്വട്ടേഷൻ പ്രകാരമുള്ള ആകെ സംഖ്യ പിറ്റേ മാസം പരമാവധി പത്താം തിയ്യതിക്കകം ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേരിൽ ചെക്ക് പ്രകാരം നൽകുന്നതാണ്.

**18.** ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി **200/-** രൂപയുടെ മുദ്രപത്രത്തിൽ ദേവസ്വവുമായി കരാർ വെക്കേണ്ടതാണ്.

**19.** ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി / സ്ഥാപനം ക്ഷേത്ര മതിലകത്ത് ക്ഷേത്ര ആചാരങ്ങൾ പൂർണമായും പാലിക്കേണ്ടതാണ്

**20.** ക്വട്ടേഷൻ സംബന്ധിച്ചുള്ള ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

**21.** കൂടുതൽ വിവരങ്ങൾക്ക് ദേവസ്വം ഓഫീസുമായി ബന്ധപ്പെടുക.

ഹനുമാൻകാവ് എക്സിക്യൂട്ടീവ് ഓഫീസർ

**01-04-2023**

ശ്രീ.ആലത്തിയൂർ പെരും തൃകോവിൽ (ഹനുമാൻ കാവ്) ദേവസ്വം
പി.ഒ പൊയിലിശ്ശേരി,തിരൂർ-676102 മലപ്പുറം ജില്ല
ഫോൺ : 0494- 2430666,Mob:9497716066,E-Mail:hanumankavu@gmail.com

## കലവറ ക്വട്ടേഷൻ ഫോറം

| ക്രമ നമ്പർ | ഇനം | അളവ് എണ്ണം/ തൂക്കം | നിരക്ക് (നികുതിയുൾപ്പെടെ) | | റിമാർക്സ് |
|---|---|---|---|---|---|
| 1 | അവിൽ | 1 kg | | | |
| 2 | ശർക്കര | 1 kg | | | |
| 3 | പഞ്ചസാര | 1 kg | | | |
| 4 | ഉണങ്ങല്ലരി വലുത് | 1 kg | | | |
| 5 | ഉണങ്ങല്ലരി ചെറുത് | 1 kg | | | |
| 7 | എള്ളെണ്ണ (15 kg ടിൻ) | 15 kg | | | മേൽത്തരം ബ്രാൻഡ് |
| 8 | വെളിച്ചെണ്ണ (15 kg ടിൻ) | | | | |
| 9 | വയനാടൻ / നാടൻ ചുക്ക് | 1 kg | | | |
| 10 | ജീരകം | 1 kg | | | |
| 11 | കൽക്കണ്ടം(ക്രിസ്റ്റൽ) | 1 kg | | | |
| 12 | പൊളിച്ച നാളികേരം | ഒരെണ്ണം | | | |
| 13 | കദളിക്കായ | ഒരെണ്ണം | | | |
| 14 | പ്ലാസ്റ്റിക് ഡബ്ബ -1 ലിറ്റർ (പ്രിന്റിംഗ് അടക്കം) | ഒരെണ്ണം | | | |
| 15 | പ്ലാസ്റ്റിക് ഡബ്ബ -500 മില്ലിലിറ്റർ (പ്രിന്റിംഗ് അടക്കം) | ഒരെണ്ണം | | | |
| 16 | പ്ലാസ്റ്റിക് ഡബ്ബ -250 മില്ലിലിറ്റർ (പ്രിന്റിംഗ് അടക്കം) | ഒരെണ്ണം | | | |
| 17 | ചുക്ക് പൊടിക്കുന്നതിന് | 1 kg | | | |
| 18 | ജീരകം പൊടിക്കുന്നതിന് | 1 kg | | | |
| 19 | മിൽമ്മ നെയ്യ് (5 ലിറ്റർ ടിൻ) | 5 Litter | | | |

മുകളിൽ രേഖപെടുത്തിയ സംഖ്യക്ക് ശ്രീ ആലത്തിയൂർ പെരും തൃകോവിൽ ദേവസ്വം 01-04-2023 ലെ APD/H1.88/2023 നമ്പർ നോട്ടിഫിക്കേഷനിലെ നിബന്ധനകൾക്ക് അനുസൃതമായി ഞാൻ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ സംഖ്യക്ക് കലവറ സാധനങ്ങൾ എന്റെ സ്വന്തം ഉത്തരവാദിത്വ ത്തിൽ ദേവസ്വം പറയുന്ന സമയത്തും സ്ഥലത്തും അളവിലും എത്തിച്ച് തരുവാൻ തയ്യാറാണെന്ന് ബോധിപ്പിക്കുന്നു. നിയമാനുസൃതമായ നികുതി (GST,CESS)അടവക്കേണ്ട സാധനങ്ങളുടെ നികുതി ഉൾപ്പെടെയുള്ള സംഖ്യയാണ് രേഖപെടുത്തിയിരിക്കുന്നത് എന്നുകൂടി ബോധിപ്പിക്കുന്നു.

പേര് :

ഒപ്പ് :

വിലാസം (പിൻകോഡും,മൊബൈൽ നമ്പരുകളും ഇ-മെയിൽ ഐഡി അടക്കം സീൽ ഉൾപ്പെടെ) :